(1)	(2)	(3)
ശ്രീ. ഡി. പ്രസാദ്	3	3 ചാർജ്ജ് മെമ്മോ, 2 സസ്പെൻഷൻ. (ഇപ്പോൾ സസ്പെൻഷനിലാണ്)
ശ്രീ. സന്തോഷ് നാരായണൻ	ഇല്ല	ഇല്ല.
ശ്രീ. ജേക്കബ് ജോൺ	ഇല്ല	2 സസ്പെൻഷൻ
ശ്രീ. കെ. ശ്രീകുമാർ	ഇല്ല	ഇല്ല
ശ്രീ. എസ്. രവി കുമാർ	2 സസ്പെൻഷൻ	അന്വേഷണം നടത്തിയതിൽ കുറ്റവിമുക്തനാണെന്ന് ബോധ്യപ്പെട്ട് ശിക്ഷണ നടപടികൾ കൂടാതെ നിരുപാധികം തിരിച്ചെടുത്തിട്ടുണ്ട്
ശ്രീമതി ലിഷാ ബിന്റാ	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി മായാ ഗോപിനാഥ്	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി ഷീനാ സെബാസ്റ്റ്യൻ	ഇല്ല	ഇല്ല
ശ്രീമതി സിന്ധു നായർ	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി അമ്പിളി	ഇല്ല	ഇല്ല

അസിസ്റ്റന്റ് മാനേജർ-ക്വാളിറ്റി കൺട്രോളർ ആയി നിയമിക്കുന്ന വ്യക്തിക്കെതിരെയുള്ള അച്ചടക്ക നടപടികൾ

71 [2688] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഗുണനിലവാര പരിശോധനയ്ക്കായി എത്ര ജൂനിയർ മാനേജർ-ക്വാളിറ്റി കൺട്രോളർമാർ സ്ഥിരമായി നിയമിക്കപ്പെട്ടിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇവരിൽ ആരെയെങ്കിലും അസിസ്റ്റന്റ് മാനേജർ-ക്വാളിറ്റി കൺട്രോളർ ആയി നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും നടപടികൾ ഏതുവരെയായി എന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വ്യക്തിയുടെ പേരിൽ കോർപ്പറേഷൻ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ മുമ്പ് എത്ര തവണ സ്വീകരിച്ചിട്ടുണ്ടെന്നും, എന്തെല്ലാം കാരണങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 15 ഗുണമേന്മ പരിശോധകർ.

1. ശ്രീ. ജേക്കബ് ജോൺ, മാനേജർ (ക്വാളിറ്റി കൺട്രോൾ)
2. ശ്രീമതി സെറീന ജേക്കബ്
3. ശ്രീ. എസ്. രവികുമാർ
4. ശ്രീ. ഡി. വിപുകുമാർ
5. ശ്രീ. ഡി. പ്രസാദ്
6. ശ്രീമതി കെ. വിജയലക്ഷ്മി
7. ശ്രീ. കെ. ശ്രീകുമാർ
8. ശ്രീ. സന്തോഷ് നാരായണൻ
9. ശ്രീമതി കെ. എസ്. ലിഷാ ബിന്റാ
10. ശ്രീമതി കെ. അമ്പിളി
11. ശ്രീമതി സീമ
12. ശ്രീമതി മായാ ഗോപിനാഥ്
13. ശ്രീമതി സിന്ധു എസ്. നായർ
14. ശ്രീമതി ഷീനാ സെബാസ്റ്റ്യൻ
15. ശ്രീമതി അനുജ (2 വർഷത്തെ പഠനാവധിയിലാണ്)

(ബി) സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ മാനേജർ കേഡറിൽ 10 വർഷം പൂർത്തിയാക്കിയാൽ അസിസ്റ്റന്റ് മാനേജർ ക്വാളിറ്റി കൺട്രോളർ ആയി പ്രമോഷൻ നൽകാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജീരിയൽ സർവീസ് റൂളിൽ വ്യവസ്ഥയുണ്ട്. ഇതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകേണ്ടതായിട്ടുണ്ട്. റിപ്പോർട്ട് നൽകിയ ശ്രീ. എസ്. രവികുമാറിന് അസിസ്റ്റന്റ് മാനേജർ ക്വാളിറ്റി കൺട്രോളർ ആയി പ്രമോഷൻ നൽകുവാൻ നടപടികൾ സ്വീകരിച്ച് ബോർഡ് തീരുമാനത്തിനായി വച്ചിട്ടുണ്ട്.

(സി) വിൽപ്പന യോഗ്യമല്ലാത്ത സാധനങ്ങൾ എടുക്കുവാൻ വിസമ്മതിച്ചതിന് ഇദ്ദേഹത്തെ അന്നത്തെ സി.എം.ഡി. 2 പ്രാവശ്യം സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റവിമുക്തനാണെന്ന് ബോധ്യപ്പെട്ടിട്ട് യാതൊരു ശിക്ഷണ നടപടികളും കൂടാതെ നിരുപാധികം തിരിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly